നം.കെ.എസ്.എ.പി.റ്റി.എ.പി6/1280/2016 തീയതി 05-12-2016

## പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4),1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.2.15 മുതൽ 9.12.15 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.16മുതൽ 18.11.16വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പ്രദീപ് കുമാർ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി വീണ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുനിൽകുമാർ യു എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഗ്രേസി തോമസ് | 1.4.2015 മുതൽ 18.11.2015 വരെ |
| | ശ്രീ. മോഹൻ ജേക്കബ് | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.എൽ അജിത്കുമാർ | 1.04.2015മുതൽ 29.5.2015 വരെ |
| | *ശ്രീ.ജോൺ കെ തോമസ്* | 29.5.15 മുതൽ 23-07-2015 fn വരെ |
| | ശ്രീ.രാജേഷ് കുമാർ പി ജെ | 23.07.15മുതൽ 06.02.2016 വരെ |

| | | |
|---|---|---|
| | ശ്രീ.സ്റ്റീഫൻ എം, അസി സെക്രട്ടറി, അഡീഷണൽ ചാർജ്ജ് | 07.02.2016മുതൽ 14.02.2016 വരെ |
| | ശ്രീ.രംഗനാഥ് | 15.02.2016 |
| | ശ്രീ.സ്റ്റീഫൻ എം, അസി സെക്രട്ടറി, അഡീഷണൽ ചാർജ്ജ് | 16.02.2016 മുതൽ31.03.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത് യാഥാർത്ഥ്യ ബോധമില്ലാതെ | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | സ്റ്റാന്റിംഗ് കമ്മിറ്റികൾ | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല | 1-9 |
| 10 | ഗ്രാമ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-10 |
| 11 | വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് | 1-11 |

| | | |
|---|---|---|
| 12 | വൗച്ചറുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ അപാകതകൾ | 1-12 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-13 |
| | ഭാഗം 2 | |
| 14 | വസ്തു നികുതി പരിഷ്കരണ നടപടികൾ വൈകുന്നതു വഴി വരുമാന നഷ്ടം | 2-1 |
| 15 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം | 2-2 |
| 16 | ഡിമാന്റ് നോട്ടീസ് നൽകാതെ തൊഴിൽനികുതി ഈടാക്കി- വരുമാന നഷ്ടം | 2-3 |
| 17 | ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും വാടക ഈടാക്കുന്നില്ല.- പഞ്ചായത്തിനു വരുമാന നഷ്ടം | 2-4 |
| 18 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല്ല | 2-5 |
| | പരസ്യ നികുതി ഈടാക്കുന്നില്ല – തനത് വരുമാന നഷ്ടം | 2-6 |
| | ഭാഗം-3 | |
| 19 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി - ചെലവ് നഷ്ടം | 3-1 |
| 20 | നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല | 3-2 |
| 21 | കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-3 |

| | | |
|---|---|---|
| 22 | സംഘകൃഷിക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-4 |
| 23 | കിണർ നിർമ്മണം-ജനറൽ-അനർഹമായ സബ്സിഡി | 3-5 |
| 24 | സിഡ്കോയിൽ നിന്നും ഫോട്ടോകോപ്പിയർ വാങ്ങാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല | 3-6 |
| 25 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടയ്ക്കൽ | 3-7 |
| 26 | വൈദ്യുതി ചാർജ്ജ്-മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നില്ല | 3-8 |
| 27 | ശബരിമല സ്പെഷ്യൽ ഫണ്ട് | 3-9 |
| 28 | ആശ്രയ പദ്ധതിയോട് ഗ്രാമപ്പഞ്ചായത്തിന്റെ അവഗണന | 3-10 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ മുൻകൂർ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 32 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബഡ്ജറ്റ്

2015-16 വർഷങ്ങളിലെ ബഡ്ജറ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് പാസ്സാക്കിയ തീയതി | ബഡ്ജറ്റ് പ്രകാരമുള്ള വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ബഡ്ജറ്റ് പ്രകാരമുള്ള ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|
| 2015-16 | 31.03.2015 | 81571227 | 76326200 | 5245027 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾക്ക് യഥാർത്ഥ കണക്കുകളുമായി യാതൊരു പൊരുത്തവുമില്ല.യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.അപാകതകൾ ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.5.2015 | 27.06.2015 |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. എല്ലാ മാസത്തെയും രസീത് ആൻറ് പെയ്മെൻറ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും മേയ്, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ 10-ാം തീയ്യതിക്കകം സമർപ്പിച്ചിട്ടില്ല
2. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള നിർവ്വഹണ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/ആദായ നികുതി/നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അക്കൗണ്ടിലുൾപ്പെടുത്തിയിട്ടില്ല
3. വസ്തുനികുതിയുടെ മുൻവർഷങ്ങളിലെ അധിക ഡിമാന്റ് ആയി പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിനും വസ്തുനികുതി കുടിശ്ശികയിൽ അധികം കിടക്കുന്ന തുകകൾ ജേർണൽ എൻട്രി മുഖേന ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല
4. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല
5. പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള/ലഭിക്കാനുള്ളവയിൽ, ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല
6. ധന കാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
7. B-17 Schedule ൽ grant ന് ഉടങ്ങിയ ബാങ്ക് അക്കൌണ്ടിലെ തുകയ്ക്ക് തുല്യമായ തുക ആയിരിക്കണം B4 Schedule ലും ഉൾപ്പെടുത്തേണ്ടത് . എന്നാൽ B4ഷെഡ്യൂൾ പ്രകാരം MGNREGS-1827രൂപ B17പ്രകാരം 1694 രൂപ ,മറ്റ് ഗ്രാന്റുകൾ ഇനത്തിൽ B4ഷെഡ്യൂൾ പ്രകാരം 34100 രൂപ,B17ഷെഡ്യൂൾ പ്രകാരം -34885 രൂപ.വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.
8. സാമ്പത്തിക പത്രികകളിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല
9. കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57 & 58 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ സെക്രട്ടറി നടപടി/ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

പ്രസ്തുത അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-3) സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | *2015-16* |
|---|---|
| മുന്നിരിപ്പ് | 22810579 |
| വരവ് | 33596116 |
| ആകെ | 56406695 |
| ചെലവ് | 49989475 |
| നീക്കിയിരിപ്പ് | 6417220 |

## (1-4) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3720171 | 6192057 | 6182284 | 9912228 | 7748712 | 0 | 2163516 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1402106 | 1364132 | | 2766238 | 2244132 | 0 | 522106 | 100 |
| വികസനഫണ്ട്-ടി.എസ്.പി. | 2179663 | 3108700 | | 5288363 | 4238700 | 0 | 1049663 | 100 |
| പ്രത്യേക ഗ്രാന്റ് | 70234 | 0 | 2500000 | 2570234 | 2257770 | 0 | 312464(-)ചെലവ് | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 942994 | 4382029 | 1014610(+) | 6339633 | 6339633 | 0 | | 100 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 1936664 | 1189334 | 0 | 3125998 | 3125998 | 0 | 1014610 | 100 |
| -13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2339870 | 6864722 | 0 | 9204592 | 5577278 | 0 | 3627314 | 100 |
| ലോക ബാങ്ക് ധനസഹായം | 3483201 | 1839033 | 0 | 5322234 | 1839033 | 0 | 3483201 | 100 |

ലോക ബാങ്ക് ധനസഹായത്തിന്റെ വിനിയോഗത്തിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല. വികസന ഫണ്ടിന്റെ ചെലവും 2015-16 വർഷം വളരെ കുറവാണ്. പഞ്ചായത്തിന് ലഭ്യമാക്കുന്ന ഫണ്ടിന്റെ ഫലപ്രദവും കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## (1-5) പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

2015-16

| ഇനം | മേഖല | പദ്ധതികളുടെ എണ്ണം | | തുക | |
|---|---|---|---|---|---|
| | | ആവിഷ്കരിച്ചത് | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് |
| ജനറൽ | ഉല്പാദനം | 7 | 6 | 3122116 | 1621285 |

| | | | | | |
|---|---|---|---|---|---|
| | സേവനം | 51 | 35 | 28006419 | 11801597 |
| | പശ്ചാത്തലം | 95 | 83 | 16570368 | 13265889 |
| എസ്.സി.പി | ഉല്പാദനം | 1 | 0 | 200000 | - |
| | സേവനം | 10 | 8 | 3835000 | 1980000 |
| | പശ്ചാത്തലം | 3 | 2 | 587106 | 264132 |
| റ്റി.എസ്.പി | ഉല്പാദനം | 2 | - | 475000 | - |
| | സേവനം | 9 | 7 | 3540000 | 2097500 |
| | പശ്ചാത്തലം | 8 | 7 | 2450663 | 2141200 |
| ആകെ | | 186 | 148 | 58786672 | 33171603 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പദ്ധതികൾ | അടങ്കൽ | നിർവ്വഹിച്ച പദ്ധതികൾ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 3 | 1125000 | 3 | 992185 |
| 2 | വെറ്ററിനറി സർജൻ | 3 | 2110000 | 2 | 559100 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 3 | 757000 | 3 | 707000 |
| 4 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 450000 | 2 | 450000 |
| 5 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 200000 | 1 | 200000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 15278509 | 11 | 5113000 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 1868900 | 4 | 1372320 |
| 8 | സെക്രട്ടറി | 21 | 6568586 | 13 | 3969403 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 111 | 22638677 | 94 | 15716095 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 22 | 7790000 | 16 | 4092500 |

തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗവും പൊതുമരാമത്ത് പ്രവൃത്തികൾ ആയിരുന്നു. മറ്റ് മേഖലകൾക്ക് മതിയായ പരിഗണന നൽകിയില്ല. പദ്ധതി ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

## (1-6) ക്ഷേമപദ്ധതികൾ

2015-16 വർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 249 | 1948560 |
| വിധവാ പെൻഷൻ | 346 | 3230600 |
| വാർദ്ധക്യകാല പെൻഷൻ | 723 | 598380 |
| വികലാംഗ പെൻഷൻ | 102 | 1608895 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളുടെ പെൻഷൻ | 6 | 31240 |

പെൻഷന്റെ വിതരണം കാര്യക്ഷമമാണെങ്കിലും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ് ഇക്കാര്യത്തിൽ ക്രിയാത്മകമായി ഇടപെടുന്നില്ല.2015-16 വർഷം പെൻഷൻ അപേക്ഷകൾ ലഭിച്ചതും തീർപ്പാക്കിയതും സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | പുതിയ പെൻഷൻ അപേക്ഷകളുടെ എണ്ണം | പെൻഷൻ അനുവദിച്ചത് | *45* ദിവസത്തിനകം തീരുമാനമെടുത്തവ | *45* ദിവസം മുതൽ ഒരു വർഷം വരെ വൈകിയവ |
|---|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33 | 32 | 10 | 23 |
| വിധവാ പെൻഷൻ | 85 | 85 | 0 | 85 |
| വാർദ്ധക്യകാല പെൻഷൻ | 657 | 657 | 300 | 357 |
| വികലാംഗ പെൻഷൻ | 29 | 29 | 8 | 21 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളുടെ പെൻഷൻ | 2 | 2 | 1 | 1 |

പെൻഷൻ അപേക്ഷകൾ കൃത്യമായി അന്വേഷണ ഉദ്യോഗസ്ഥന് നൽകുകയും സമയ പരിധിയ്ക്കുള്ളിൽ അന്വേഷണം നടത്തി ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതുമാണ്. ടി.വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## **(1-7)** <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.16ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. **995/-**രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## **(1-8)** <u>മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 30.08.2016 | ആഗസ്റ്റ് 2016 | ഏപ്രിൽ 2016ലെ റിപ്പോർട്ട് 14-10-2016 ന് ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2006-07 വരെ | ലഭ്യമല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) വസ്തു നികുതി പരിഷ്ക്കരണ നടപടികൾ വൈകുന്നതു വഴി വരുമാന നഷ്ടം

ഗ്രാമപഞ്ചായത്ത് കാലാകാലങ്ങളിൽ നടത്തേണ്ടുന്ന വസ്തു നികുതി പരിഷ്ക്കരണം പൂർത്തിയാക്കാത്തതു മൂലം നികുതിയിനത്തിൽ ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തു നികുതി പരിഷ്ക്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാകുന്ന കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപമാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 01.04.2013 ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതിന്റെ വിവരങ്ങളുടെ ഡേറ്റാ എൻട്രി, സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായിട്ടില്ല. കെട്ടിടങ്ങൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളിൽ പിശകുണ്ട്. നിലവിലുള്ള 4889 കെട്ടിടങ്ങളിൽ 3466 എണ്ണത്തിന്റെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെങ്കിലും വിവരശേഖരണത്തിലെ അപാകതകൾ കാരണം പുതുക്കിയ നിരക്കിൽ നികുതി ഈടാക്കാൻ സാധിക്കുന്നില്ല. ടി അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2016 നവംബർ മാസം മുതൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. നികുതി പുനർനിർണ്ണയം നടത്തിയവയുടെ കാര്യത്തിൽ പുതുക്കിയ നികുതിയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുമില്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ കൂടാതെ ബാക്കിയുള്ള കെട്ടിടങ്ങളുടെ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി നിർണ്ണയവും നവംബർ മാസം മുതൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. നികുതി പുനർനിർണ്ണയത്തിലെ അപാകതമൂലം വസ്തുനികുതിയുടെ ഡി.സി.ബി. കൃത്യമല്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ലാത്തതിനാൽ കുടിശ്ശിക പിരിവിന്റെ പുരോഗതിയും കൃത്യതയും നിരീക്ഷിക്കാൻ ഓഡിറ്റിന് സാധിച്ചില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തികവർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 1078441 | 611673 | 419510 |

2013-14 മുതലുള്ള വിമുക്തഭടൻമാരുടെ നികുതി ഇളവ്, വേക്കൻസി റെമ്മിഷൻ, പൊളിച്ചുകളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ പ്രവൃത്തികൾ എന്നിവ കൂടി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ നിലവിലുള്ള കുടിശ്ശിക തുക പൂർണമായും ഈടാക്കാൻ കഴിയുകയുള്ളൂ. മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി കുടിശ്ശിക തുക പൂർണമായും ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-2) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻപ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ കൃത്യമായി എഫ്.എ.ആർ കണക്കാക്കിയും ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ സ്ലക്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നുണ്ടോ എന്നും ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാകാൻ ഇടയാക്കുന്നു. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## (2-3) ഡിമാന്റ് നോട്ടീസ് നൽകാതെ തൊഴിൽനികുതി ഈടാക്കി-വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205(ഇ) വകുപ്പ് പ്രകാരം, സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ, നോട്ടീസ് വഴി ഓരോ ഓഫീസ് മേധാവിയോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും, വിവരങ്ങൾ കൈപ്പറ്റിയാലുടൻ, ആ ആവശ്യത്തിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ടി സ്ഥാപനങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. കൂടാതെ 205എഫ് വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും, നോട്ടീസ് വഴി, ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും, തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തുന്നതിനും അടയ്ക്കുന്നതിനും ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്.ഇക്കാരണത്താൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പൂർണമായും ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരുടെ ലിസ്റ്റ് ആവശ്യപെട്ട് മുൻകൂർ നോട്ടീസ് നൽകി തൊഴിൽനികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (2-4) ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും വാടക ഈടാക്കുന്നില്ല.-പഞ്ചായത്തിനു വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓപ്പൺ സ്റ്റാൾ 1,10 നമ്പർ കടമുറികൾ യഥാക്രമം ശ്രീ.റഷീദ്,ഒറ്റപ്ലാമൂട്ടിൽ,നാറാണംമൂഴി, 2010-11മുതലും, ശ്രീ.അലിയാർ,ഓലിയ്ക്കൽ പതാലിൽ നാറാണംമൂഴി, 2009-10മുതലും വാടകയ്ക്ക് ഉപയോഗിച്ച് വരികയാണ്. ശ്രീ.അലിയാർ 2009-10 സാമ്പത്തിക വർഷം മാത്രമെ വാടക അടച്ചിട്ടുള്ളൂ. ശ്രീ.റഷീദ്,2010-11മുതൽ നാളിതുവരെയും വാടക അടയ്ക്കാതെ പ്രസ്തുത കടമുറികൾ ഉപയോഗിച്ച് വരികയാണെന്ന് രേഖകളിൽ നിന്നും വ്യക്തമായിട്ടുണ്ട്.പ്രസ്തുത കടമുറികൾ ക്ക് വാടക കൂടുതലാണന്നും വാടക ഇളവ്ചെയ്ത് നല്കണമെന്നും ആവശ്യപ്പെട്ട് ടി വ്യക്തികൾ പഞ്ചായത്തിൽ നൽകിയ അപേക്ഷ നിരസിച്ചതിനെ തുടർന്ന് പ്രസ്തുത വാടകക്കാർ ബഹു കേരള ഹൈക്കോടതിയിൽ കേസ് നല്കുകയും ഹൈക്കോടതി WP(C)1474/2011നമ്പറായി ഹർജി പരിഗണിച്ച് 25.01.2011ൽ അന്തിമവിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ പരാതി തീർപ്പ് കൽപ്പിക്കണമെന്ന് മേൽ ഉത്തരവിൽ ബഹു ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെയായി വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. ഉത്തരവ് കൈപ്പറ്റി 5 വർഷം കഴിഞ്ഞിട്ടും വാടക ഈടാക്കാൻ നടപടി സ്വീകരിക്കാഞ്ഞത് ഗുരുതരമായ വീഴ്ചയാണ്. ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## (2-5) പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയും, യഥാസമയം ലൈസൻസ് പുതുക്കാതെയോ നടത്തുന്ന അനധികൃത വ്യാപാരങ്ങൾക്കും, വ്യവസായങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത കാട്ടുന്നു. തൻ വർഷം ലൈസൻസ് എടുത്ത 109 സ്ഥാപനങ്ങളിൽ 10എണ്ണംമാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 31.03.15 ന് മുമ്പായി ലൈസൻസ് എടുത്തിട്ടുള്ളത് 13 സ്ഥാപനങ്ങൾ മാത്രമാണ്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും സാമ്പത്തികവർഷാരംഭം മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | ലൈസൻസ് എടുക്കേണ്ട തീയതി | ലൈസൻസ് എടുത്ത തീയതി |
|---|---|---|
| പി.കെ.രവീന്ദ്രൻ | 31.03.2015 | 18.06.2015 |

| | | |
|---|---|---|
| (ഹോട്ടൽ വ്യവസായം) | | |
| പി.റ്റി.ഉമ്മൻ (റബ്ബർ വ്യാപാരം) | 31.03.2016 | 14.09.2016 |
| ദീപു.കെ.എസ് (സിമന്റ് വ്യാപാരം) | 31.03.2015 | 28.01.2016 |

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്തവർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## (2-6) പരസ്യ നികുതി ഈടാക്കുന്നില്ല - തനത് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഒ (പി) 128/02/ത.സ്വ.ഭ.വ/ 25.7.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി5-15253/04 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈലോതയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നാളിതുവരെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. തനതു വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന ഗണ്യമായ വരുമാനം അധികൃതരുടെ അനാസ്ഥ മൂലം നഷ്ടമാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. പരസ്യനികുതി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി - ചെലവ് നഷ്ടം.

2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്.CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്.PWD,ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്കു 01.04.2014 മുതൽ ബാധകമായ Cost Index 40.95% ഉം 2015-16 മുതൽ 45.71 % ഉം ആണ്.ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 1.4.2014 മുതൽ 6699.66/m3 ഉം 2015-16 മുതൽ 6926/m3 ഉം ആണ്. (4753.29x1.4095=6699.76 ; 4753.29x1.4571=6926 ). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമായി.അതായത് മേൽസൂചിപ്പിച്ച കാലയളവുകളിൽ എഗ്രിമെന്റിൽ ഏർപ്പെട്ട പ്രവൃത്തികൾക്ക് യഥാക്രമം എം ക്യൂബിന് 7058.80 രൂപ, 7297.16 രൂപ എന്നീ നിരക്കുകളിലാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയിരിക്കുന്നത്. ഇത് അംഗീകരിക്കാനാവില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3)

Details of cost for 1 cum

| |
|---|
| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) |

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| Labour | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| Total | | | | | 6699.76 |

For Flooring:(DSR Code:11.7)

Details of cost for one m3

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,40.95% | | | | | 2050.78 |
| Total | | | | | 7058.78 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ റാന്നി ബ്ളോക്ക് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

ഇത്തരത്തിൽ അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നംപർ/ പ്രവൃത്തിയുടെ പേര്/ അടങ്കൽ | കൺവീനറുടെ പേരും വിലാസവും,എം.ബുക്ക് നം | പ്രവൃത്തി മൂല്യം/DD നം,തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. | 1:2:4 കോൺക്രീറ്റിനു അർഹമായ തുക. | നഷ്ടം |
|---|---|---|---|---|---|---|
| 1 | കണ്ണമ്പള്ളി - സെന്റ് മാത്യൂസ് എൽ.പി.എസ് - പള്ളിപ്പടി റോഡ് SO102/16 150000 | മനു.ഡി.മാത്യു, എലിപുലിക്കാട്ട്, കണ്ണമ്പള്ളി 70/ 15-16 | 141484 38676/ 11-4-16 | 9.9 m3 69881.92 (@7058.78) | 66327.6 (@6699.76) | 3554 |
| 2 | നെല്ലിമൂട് - ചൊള്ളനാവയൽ റോഡ് SO105/16 100000 | ബിജു.കെ.കെ, കൊച്ചുതുണ്ടിയിൽ, നാറാണമൂഴി 67/15-16 | 94268 38679/11-4-16 | 6.6 m3 46588 (@7058.78) | 44218 (@6699.76) | 2369 |
| 3 | അരയേക്കർ കോളനി റോഡ് SO201/16 200000 | ഗോപി.കെ.എൻ, കാട്ടുപുരയിടത്തിൽ, അടിച്ചിപ്പുഴ 69/15-16 | 187242 38577/28-3-16 | 12.6 m3 91944 (@7297.16) | 87267.6 (@6926) | 4676 |
| 4 | പഴമണ്ണിൽപ്പടി - വാവോലിപ്പടി | മാത്യു.പി.വി, പഴമണ്ണിൽ, കണ്ണമ്പള്ളി | 94251 38578/ | 6.68 m3 47153 | 44754 (@6699.76) | 2399 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് SO67/16 100000 | 64/15-16 | 28-3-16 | (@7058.78) | | |
| 5 | ഈശോപ്പടി- പുന്തലപ്പടി റോഡ് SO165/16<br>300000 | എൻ.ഡി.ഈശോ, നാരകത്തുമണ്ണിൽ, നാറാണമൂഴി | 188679<br>38631/5-4-16 | 19.8 m3<br>139764<br>(@7058.78) | 132655<br>(@6699.76) | 7108 |
| 6 | വാലേൽപ്പടി - ചുട്ടിപ്പാറ റോഡ് SO83/15-16<br>200000 | മാത്യു മത്തായി, തേവാർകാട്ടിൽ, ഇടമൺ<br>59/15-16 | 188091<br>38582/28-3-16 | 13.44 m3<br>94870<br>(@7058.78) | 90044.77<br>(@6699.76) | 4825 |
| 7 | നെല്ലിമൂട് - ചൊള്ളനാവയൽ ബാക്കിഭാഗം റോഡ് SO166/16 75000 | കെ.സി.മാത്യു, കറമ്പന്റേത്ത്, നാറാണമൂഴി<br>65/15-16 | 70742<br>38685/11-4-16 | 4.95 m3<br>34941<br>(@7058.78) | 33164<br>(@6699.76) | 1777 |
| 8 | അറക്കമൺ- ചുട്ടിപ്പാറ റോഡ് SO31/16 400000 | എൻ.ഡി.ഈശോ, നാരകത്തുമണ്ണിൽ, നാറാണമൂഴി | 372303<br>38694/10-4-16<br>38695/10-4-16 | 25.2 m3<br>183888<br>(@7297.16) | 174535<br>(@6926) | 9353 |
| 9 | പുത്തൻപുരക്കൽ - റബ്ബർബോർഡ് റോഡ് SO71/16 50000 | രവീന്ദ്രൻ, നടുക്കേമുറിയിൽ, കണ്ണമ്പള്ളി<br>63/15-16 | 46982<br>38580/28-3-16 | 3.29 m3<br>23223<br>(@7058.78) | 22042<br>(@6699.76) | 1180 |
| 10 | ഇടമുറി- ഇരപ്പൻപാറ- അമ്പലംപടി റോഡ്<br>SO 86/16 250000 | മോഹനൻപിള്ള, ലക്ഷ്മി വിലാസം, തോമ്പിക്കണ്ടം78/15-16 | 235752<br>38689/ 11-4-16 | 16.5 m3<br>116470<br>(@7058.78) | 110546<br>(@6699.76) | 5924 |
| 11 | ഇടമുറി- ലക്ഷംവീട് കോളനി പനച്ചിപ്പാറപ്പടി നടപ്പാത SO195/16 420000 | സുരേഷ്, ചങ്ങംകുളത്ത്, ഇടമുറി<br>78/15-16 | 396164<br>36690/11-4-16 | 21.4 m3<br>156159<br>(@7297.16) | 148216<br>(@6926) | 7942 |
| 12 | നെടുവേലിക്കുന്ന് - കാണിമുക്ക് റോഡ് SO104/16 150000 | എ.ജെ.ചാക്കോ, അരീപ്പറമ്പിൽ<br>73/15-16 | 141484<br>38692/11-4-16<br>38693/11-4-16 | 9.9 m3<br>69882<br>(@7058.78) | 66327<br>(@6699.76) | 3554 |
| 13 | പുന്തലപ്പടി- പഞ്ചാരമുക്ക് റോഡ് (ആദ്യ ഭാഗം)<br>SO 75/16 100000 | കുഞ്ഞുമോൻ, തടത്തിൽ, കണ്ണമ്പള്ളി<br>68/15-16 | 93127<br>38687/11-4-16 | 6.515 m3<br>45988<br>(@7058.78) | 43649<br>(@6699.76) | 2339 |
| 14 | മാലിശ്ശേരിപ്പടി - ചെമ്പൻപ്ലാക്കൻ റോഡ് SO85/16 200000 | വിജയകുമാർ, ചെമ്പൻപ്ലാക്കൻ, തോമ്പിക്കണ്ടം | 188645<br>38579/28-3-16 | 13.2 m3<br>93176<br>(@7058.78) | 88437<br>(@6699.76) | 4739 |

| | | | | | | |
|---|---|---|---|---|---|---|
| | | 62/15-16 | | | | |
| 15 | ദേവീക്ഷേത്രം - റബ്ബർ ബോർഡ് റോഡ് SO69/16 100000 | പ്രമോദ് ഉണ്ണിക്കൃഷ്ണൻ, പ്രമീളാലയം, ഇടമുറി 69/15-16 | 99850 38581/28-3-16 | 6.59 m3 46517 (@7058.78) | 44151 (@6699.8) | 2365 |
| 16 | മനസ്സുമുറി- ചൊവ്വൂർപ്പടി റോഡ് SO68/16 100000 | എ.ജെ.ഏബ്രഹാം, ഇളയാനിത്തോട്ടം, കണ്ണമ്പള്ളി | 99850 38678/11-4-16 | 6.59 m3 46517 (@7058.78) | 44151 (@6699.8) | 2365 |
| 17 | നടുക്കേമുറി - റബ്ബർബോർഡ് റോഡ് SO 70/16 100000 | അഭിലാഷ്.കെ, നടുക്കേമുറിയിൽ, കണ്ണമ്പള്ളി | 99924 38583/28-3-16 | 6.6 m3 46587.95 (@7058.78) | 44218.68 (@6699.8) | 2369 |
| 18 | സ്റ്റോർ പടി പത്തേക്കർ റോഡ് SO80/16 200000 | ചാണ്ടി ചാക്കോ, മടപ്പള്ളിൽ, ഇടമൺ 61/16 | 188645 38585/28-3-16 | 13.2 m3 93176 (@7058.78) | 88437 (@6699.8) | 4739 |
| 19 | സോമൻപടി ആലുനിൽക്കുന്നിടം റോഡ് SO25/16 100000 | സോമൻ, പനച്ചപ്പാറ വീട്, നാറാണമൂഴി 56/15-16 | 94268 38584/28-3-16 | 6.6 m3 46587 (@7058.78) | 44218 (@6699.8) | 2368 |
| 20 | ആറാട്ടുമൺ കണ്ണമ്പള്ളി റോഡ് SO29/16 200000 | ജയിംസ് മത്തായി, കളമംഗലത്ത്, കുക്കുട്ടുമൺ 28/15-16 | 188642 38448/23-2-16 | 13.2 m3 93176 (@7058.78) | 88437 (@6699.8) | 4739 |
| 21 | കുക്കുഴിപ്പടി കുറ്റിവേലിൽപ്പടി റോഡ് SO26/16 200000 | ജയിംസ് മത്തായി, കളമംഗലത്ത്, കുക്കുട്ടുമൺ 28/16 | 93119 38446/23-2-16 | 5.2 m3 36705 (@7058.78) | 34839 (@6699.8) | 1866 |
| 22 | തോട്ടമറ്റംപടി - പഞ്ചാരമുക്ക് റോഡ് SO27/16 100000 | കുഞ്ഞുമോൻ T.P, തടത്തിൽ 34/16 | 94198 38462/24-2-16 | 6.59 m3 46517 (@7058.78) | 44151 (@6699.8) | 2366 |
| 23 | അമ്മിണിപ്പടി - ആനക്കല്ല് റോഡ് SO91/16 350000 | കുഞ്ഞുമോൻ, പ്ലാമൂട്ടിൽ, അടിച്ചിപ്പുഴ 31/15-16 | 349321 38466/24-2-16 | 23.1 m3 163058 (@7058.78) | 154765 (@6699.8) | 8293 |
| 24 | ആയുർവ്വേദപ്പടി- ഉണ്ടത്തിൽപ്പടി റോഡ് SO90/16 350000 | മിഥുൻ മോഹൻ, എഴിക്കൽ, അടിച്ചിപ്പുഴ 32/15-16 | 348234 38442/24-2-16 | 22.98 m3 162211 (@7058.78) | 153961 (@6699.8) | 8250 |
| 25 | തോട്ടുപതാൽ- പൗവ്വത്ത് റോഡ് SO61/16 100000 | ഫിലിപ്പ്.P.V, പതാക്ക്, കുടമുരുട്ടി | 94323 38463/24-2-16 | 6.6 m3 46588 | 44218 (@6699.8) | 2369 |

| | | | | | | |
|---|---|---|---|---|---|---|
| | | SO 39/15-16 | | (@7058.78) | | |
| 26 | ഉന്നത്താനി<br>സ്വാമിപ്പടി റോഡ്<br>SO50/16 100000 | കെ.ബാല്യ,<br>ചിട്ടിപ്പുരയിൽ, കടമുരുട്ടി<br>39/15-16 | 94323<br>38472/28.2.16 | 6.6 m3<br>46588<br>(@7058.78) | 44218<br>(@6699.8) | 2369 |
| 27 | ആറാട്ടുമൺ-<br>റബ്ബർബോർഡ്<br>റോഡ് SO155/16<br>163000 | സാബു പി.ജെ,<br>പുത്തൻപറമ്പിൽ<br>2/15-16 | 152756<br>38465/24-2-16 | 10.69 m3<br>75458<br>(@7058.78) | 71620<br>(@6699.8) | 3838 |
| 28 | പുരക്കൽപ്പടി<br>ആറാട്ടുമൺ റോഡ്<br>SO134/16 250000 | രാജൻ, രാജ്നിവാസ്,<br>കണ്ണമ്പള്ളി 27/15-16 | 235806<br>38464/24-2-16 | 16.5 m3<br>116469<br>(@7058.78) | 110546<br>(@6699.8) | 5923 |
| 29 | ആഞ്ഞിലിമുക്ക്-<br>കൊച്ചുകുളം<br>ഇടറോഡ് SO65/16<br>200000 | സദാനന്ദൻ TR,<br>തടത്തിൽ | 188092<br>38478/25-2-16 | 13.16 m3<br>92893<br>(@7058.78) | 88169<br>(@6699.8) | 4724 |
| 30 | മലയിൽപ്പടി<br>പൗവ്വത്തുംമണ്ണിൽ<br>റോഡ് SO101/16<br>200000 | സാബു മാത്യു,<br>കൊച്ചുകണ്ണാത്ത്,<br>കണ്ണമ്പള്ളി | 199378<br>38470/25.2.16 | 13.16 m3<br>92893<br>(@7058.78) | 88169<br>(@6699.8) | 4724 |
| 31 | മർത്തോമ്മാ<br>പാരീഷ്ഹാൾ പടി<br>-കടപ്പൂർ റോഡ്<br>SO130/16 | ജി.തോമസ്,<br>വാല്യപുരയിടത്തിൽ<br>14/15-16 | 282593<br>38468/25-2-16<br>38674/11-4-16 | 19.84 m3<br>140046<br>(@7058.78) | 132924<br>(@6699.8) | 7121 |
| 32 | സി.പി.പടി-<br>പത്തായപ്പാറ റോഡ്<br>SO92/16 200000 | ജിന വിജയൻ,<br>പത്തായപ്പാറ വീട്,<br>അടിച്ചിപ്പുഴ<br>78/16 | 188539<br>38680/10-4-16 | 13.2 m3<br>93176<br>(@7058.78) | 88437<br>(@6699.8) | 4739 |
| 34 | പഞ്ചാരമുക്ക്<br>റബ്ബർബോർഡ്<br>റോഡ് SO177/16<br>250000 | എ.റ്റി. ജോർജ്,<br>അരുവിക്കൽ,<br>കണ്ണമ്പള്ളി 77/16 | 232688<br>38697/11-4-16 | 15.75 m3<br>114930<br>(@7297.15) | 109085<br>(@6926) | 5845 |
| 35 | കൊച്ചുകുളം<br>കുറുന്തോട്ടിക്കൽ പടി<br>റോഡ് SO57/16<br>100000 | കോമളപ്രസാദ്<br>ഓലിക്കൽ വീട്,<br>കുടമുരുട്ടി<br>79/16 | 99924<br>38681/11-4-16 | 6.6 m3<br>46588<br>(@7058.8) | 44218<br>(@6699.76) | 2370 |
| 36 | കുക്കുടുമൺ<br>നീരാട്ടുകടവ് റോഡ്<br>SO79/16<br>100000 | ജോൺ, പീടികയിൽ,<br>കുക്കുടുമൺ<br>74/16 | 94323<br>386812/11-4-16 | 6.6 m3<br>46587<br>(@7058.8) | 44218<br>(@6699.76) | 2369 |
| 37 | തോണിക്കടവ്<br>പതക്ക് റോഡ് | ജയിസൺ.പി.ജയിംസ്,<br>പതാക്ക്, കടമുരുട്ടി | 93076<br>38683/11-4-16 | 6.3 m3<br>45972 | 43634<br>(@6926) | 2338 |

| | | | | | | |
|---|---|---|---|---|---|---|
| | സS0197/16<br>100000 | | | (@7297.15) | | |
| 38 | പുഞ്ചിരിമുക്ക് റോഡ് S076/16 100000 | ജസ്റ്റിൻ ജോർജ്ജ്, ആലപ്പാട്ട്, നീരാട്ടുകാവ്<br>75/16 | 94268<br>38684/11-4-16 | 6.6 m3<br>46587<br>(@7058.78) | 44218<br>(@6699.8) | 2368 |
| 39 | കുറുമ്പൻമൂഴി മണക്കയം റോഡ് S064/16 466000 | വിനോദ്, പുത്തൻവീട്ടിൽ<br>കുറുമ്പൻമൂഴി<br>6/16 | 437314<br>38344/21-1-16 | 30.6 m3<br>215998<br>(@7058.78) | 205013<br>(@6699.8) | 10984 |
| 40 | തെക്കേത്തൊട്ടി കുളമാമ്കുഴി റോഡ് S021/16 100000 | എ.കെ.സലിം,<br>ആലുനിൽക്കുംതടത്തിൽ<br>19/16 | 94321<br>38352/21-1-16 | 6.6 m3<br>46588<br>(@7058.78) | 44218<br>(@6699.8) | 2370 |
| 41 | പനംകുടന്ത കുരുമ്പൻമൂഴി റോഡ് S065/16 384633 | മധു പുളിമൂട്ടിൽ, കുരിമ്പിൻമൂഴി<br>9/16 | 383761<br>38341/21-1-16 | 25.2 m3<br>177881<br>(@7058.78) | 168835<br>(@6699.8) | 9046 |
| 42 | വനജംമുറി ആനന്ദൻപടി ആലുനിൽക്കുന്നിടം റോഡ്<br>S020/16<br>75000 | ബാബുക്കുട്ടി, കൊട്ടക്കാട്ട്<br>22/16 | 74986<br>38360/21-1-16 | 5.085 m3<br>35894<br>(@7058.78) | 34068<br>(@6699.8) | 1826 |
| 43 | കടുമീൻചിറ സ്കൂൾ-മഴവിറ റോഡ് S024/16 75000 | കെ.എ.ബാബു, കടക്കേത്ത്<br>17/15-16 | 74986<br>38356/21-1-16 | 4.95 m3<br>34941<br>(@7058.78) | 33164<br>(@6699.8) | 1777 |
| 44 | കുറുന്തോട്ടിക്കൽപ്പടി-കൊച്ചുകുളം റോഡ് S062/16 100000 | മത്തായി ചാക്കോ, വാഴിയിൽ 10/15-16 | 94268<br>38346/21-1-16 | 6.6 m3<br>46588<br>(@7058.78) | 44218<br>(@6699.8) | 2370 |
| 45 | ആലുനിൽക്കുന്നിടം-തുമ്പമൺ പ്രസാദ്പടി റോഡ് S017/16 75000 | പ്രസാദ്, ആശാഭവൻ<br>21/15-16 | 70742<br>38358/21-1-16 | 4.95 m3<br>34940<br>(@7058.78) | 33164<br>(@6699.8) | 1776 |
| 46 | ചെമ്പനോലി-കരിശ്ശുപള്ളിപ്പടി റോഡ് S0182/16 200000 | ജോബി.കെ.ജോസ്, കരോട്ടുപായിൽ, വെച്ചൂച്ചിറ<br>26/16 | 188700<br>38397/1-2-16 | 12.8 m3<br>93403<br>(@7297.15) | 88653<br>(@6926) | 4750 |
| 47 | മൂഴിക്കുഴിപ്പടി-പതാലിൽപ്പടി റോഡ് S095/16 | ജോബി.കെ.ജോസ്, കരോട്ടുപായിൽ, വെച്ചൂച്ചിറ | 99399<br>38395/1-2-16 | 6.59 m3<br>46517 | 44151<br>(@6699.8) | 2366 |

| | | | | | | |
|---|---|---|---|---|---|---|
| | 100000 | 25/16 | | (@7058.78) | | |
| 48 | സെന്റ്.മാത്യൂസ് LPS -കണ്ണമ്പള്ളി റോഡ് SO179/16 150000 | സെബിൻ സെബാസ്റ്റ്യൻ, എലിപുലിക്കാട്ട് 23/15-16 | 140796<br>38389/1-2-16 | 9.5 m3<br>69322<br>(@7297.15) | 65797<br>(@6926) | 3525 |
| | ആകെ | | | | | 193347 |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ തുക 193347 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ റാന്നി ബ്ളോക്ക് ഡിവിഷണൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടേയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്. 193347 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## (3-2) നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല.

തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഈടാക്കി ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ക്ഷേമനിധി വിഹിതം ആയി അയച്ച ഡി.ഡി -കളുടെ എണ്ണം | അയച്ച ഡി.ഡി -കൾ പ്രകാരമുള്ള ആകെത്തുക | കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയത്. | |
|---|---|---|---|---|
| | | | എണ്ണം | തുക |
| 2015-16 | 100 | 147238 | ഇല്ല | ഇല്ല |

വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് പ്രകാരം 1.47ലക്ഷം രൂപ തൻവർഷം ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും ആയതിന്റെ കൈപ്പറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. രസീതുകൾ ലഭിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ കത്തുകൾ അയച്ചതിന് മറുപടിയൊന്നും ലഭിച്ചിട്ടുമില്ല. Account Payee ആയല്ല ഡി.ഡി - കൾ നൽകിയത് എന്നും, എന്നാൽ Registered with Acknowledgement ആയാണ് അവ അയച്ച് നൽകിയത് എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു. ഡി.ഡി - കൾ Account Payee ആയി നൽകാഞ്ഞത് ശരിയായ നടപടിയല്ല.

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഭാവിയിൽ Account Payee ആയും രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ച് നൽകേണ്ടതാണ്. കൂടാതെ കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കാത്തതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് വീഴ്ച വരുത്തുന്ന പക്ഷം ചെലവ് നഷ്ടം ആയി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (3-3) കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല.

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 ൽ പ്രവൃത്തികൾ ഏറ്റെടുത്തില്ല. 2016-17 ൽ ഈയിനത്തിൽ 26പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ ഇതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുകയോ പ്രവൃത്തികൾ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാത്തത് ഗുരുതരമായ അനാസ്ഥയാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം കിണർ റീചാർജിംഗ് പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുക്കാൻ വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത്തരം പ്രവൃത്തികൾ നടപ്പാക്കി

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## (3-4) സംഘകൃഷിക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല.

ഓരോ വർഷവും തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പദ്ധതികളുടെ 60 % എങ്കിലും ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കൃഷിയും അനുബന്ധമേഖലകളുമായി നേരിട്ട് ബന്ധമുള്ള പ്രവൃത്തികൾ ആയിരിക്കണമെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 4 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംഘകൃഷിക്കായി ലേബർഗ്രൂപ്പുകൾ രൂപീകരിച്ച് അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിക്കായുള്ള കേന്ദ്ര സർക്കാരിന്റെ മാസ്റ്റർ സർക്കുലറിലും ഇപ്രകാരം നിഷ്കർഷിക്കുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഗ്രാമപ്പഞ്ചായത്ത് ഇതേവരെ ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി മുഖേന സംഘകൃഷിക്കായുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## (3-5) കിണർ നിർമ്മണം-ജനറൽ-അനർഹമായ സബ്സിഡി

| | |
|---|---|
| പ്രോജക്ട് നം | 09/2016 |
| പ്രത്യേക ഗ്രാന്റ് | 450000/- |
| ചെലവ് | 300000/- |
| ബിൽ നം/തീയതി | 16/2015-16തീയതി 26-03-2016 |

വി.ഇ.ഒ നിർവ്വഹണം നടത്തിയ കിണർ നിർമ്മാണ പദ്ധതിയുടെ ഭാഗമായി ശ്രീമതി.കെ എസ് ഓമന,കുറ്റിയിൽ എന്ന ഗുണഭോക്താവിന് 2015-16 വർഷം 15000/-രൂപ ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവും കുടുംബനാഥനും ഗവ.ജീവനക്കാർ ആണെന്ന് റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നേരിട്ടുള്ള അന്വേഷണത്തിൽ ടി.വസ്തുത ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ /അർദ്ധ സർക്കാർ /എയ്ഡഡ് /സഹകരണസ്ഥാപനങ്ങൾ /സ്വകാര്യസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ,പെൻഷണർ എന്നിവയിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തിന്റെ വരുമാനം 50000/- രൂപയിൽ കുറവായി കണക്കാക്കാവുന്നതല്ല. എന്ന് സബ്സിഡി മാർഗ്ഗ രേഖ സ ഉ(എം എസ്)നം 362/2013/തസ്വഭവ തീ 16/11/2013 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗുണഭോക്തക്കളെ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. അനർഹമായ ഗുണഭോക്താവിന് നൽകിയ സബ്സിഡി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോഡിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## (3-6) സിഡ്ക്കോയിൽ നിന്നും ഫോട്ടോകോപ്പിയർ വാങ്ങാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 170/2016 |
| പ്രത്യേക ഗ്രാന്റ് | 126000/- |
| ചെലവ് | 109000/- |
| ബിൽ നം/തീയതി | 1197/15-16 dt 30-03-2016 |

സിഡ്കോയിൽ നിന്നും ഫോട്ടോകോപ്പിയർ വാങ്ങിയ ഇനത്തിൽ സെക്രട്ടറി 109000 /-രൂപ ചെലവഴിച്ചിട്ടുണ്ട്.ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സിഡ്ക്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുകയാണുണ്ടായത്. സിഡ്ക്കോ, കാഡ്കോ എന്നിവ സ്വന്തമായി നിർമ്മിക്കുന്ന സാധനങ്ങൾക്കു മാത്രമെ സ്റ്റോർ പർച്ചേയ്സ് മാനുവൽ പാരാ 57(a)(i) ഖണ്ഡികയിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള ടെണ്ടർ ഇളവ് നൽകാൻ സാധിക്കു എന്ന് 2117/A3/2002/SPD tvpm 04-09-2002-ാം നം സർക്കുലർ ഖണ്ഡിക 3പ്രകാരം വ്യക്തമാക്കിയിട്ടുള്ളതിനാൽ സിഡ്ക്കോയുടെ ഉൽപന്നമല്ലാത്ത തോഷിബാ ഫോട്ടോകോപ്പിയർ വാങ്ങിയതിന് ചെലവഴിച്ച തുക 109000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-7) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടയ്ക്കൽ

പ്രോജക്ട് നം-4/2016 - കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടയ്ക്കൽ

മേൽ പ്രോജക്ടിനായി 2015-16ൽ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തുകയും 700000/-രൂപ കേരള വാട്ടർഅതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2012-13,2013-14,2014-15 വർഷങ്ങളിൽ യഥാക്രമം 400000, 500000, 600000 എന്നിങ്ങനെ തുകകൾ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 05-03-2016 ലെ 7102ാം നമ്പർ ബിൽ പ്രകാരം പിഴയുൾപ്പെടെ വാട്ടർ ചാർജ്ജ് 1150258/- രൂപയാണ് അടയ്ക്കേണ്ടിയിരുന്നത്. 153 വാട്ടർ ടാപ്പുകൾക്ക് പ്രതിവർഷം 5250/- രൂപ നിരക്കിലാണ് വാട്ടർ ചാർജ്ജും ഈടാക്കി വരുന്നത്. എല്ലാ വർഷവും തുക പിൻവലിച്ച് ഒടുക്ക് വരുത്തുന്നുണ്ടെങ്കിലും തുക എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത് എന്ന് സംബന്ധിച്ച രേഖകൾ വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയിട്ടില്ല.

വാട്ടർ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്താനാവില്ല. പൊതുടാപ്പുകകൾ ഉള്ള കുടിവെള്ള പദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നല്കുന്ന

പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ( സബ്സിഡി അർഹരായവരിൽ നിന്നും മുഴുവൻ തുകയും ഈടാക്കി ) ലഭ്യമാക്കേണ്ടതും, അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി പൊതുടാപ്പുകളുടെ എണ്ണം പരിമിതപെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും വെള്ളക്കരം ഇനത്തിലുള്ള വൻ ആവർത്തനചെലവ് ഒഴിവാക്കേണ്ടതുമാണ്. ടി വിഷയം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ താമസംവിനാ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## (3-8) വൈദ്യുതി ചാർജ്ജ്-മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നില്ല

പഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ചാർജ്ജായി 797758 രൂപ 2015-16ൽ ചെലവഴിച്ചിട്ടുണ്ട്.നിലവിൽ പഞ്ചായത്തിനു പ്രതിമാസം രൂപയാണ് വൈദ്യുതി ചാർജ്ജായി നൽകേണ്ടി വരുന്നത്.മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താത്തത് മൂലം പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾക്ക് ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നു.തനത് വരുമാനം കുറവായ പഞ്ചായത്തിനു ഇതു മൂലം വരുമാന ചോർച്ച സംഭവിച്ചിട്ടുണ്ട്. നിലവിലും തൽ സ്ഥിതിയിൽ വ്യത്യാസമില്ല. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ത്വരിത ഗതിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-9) ശബരിമല സ്പെഷ്യൽ ഫണ്ട്

പഞ്ചായത്തിന് ശബരിമല തീർത്ഥാടന പ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ 420504 രൂപ മുന്നിരിപ്പുണ്ട് . ടി തുക തിരിച്ചടച്ചിട്ടില്ല. 2015-16 ലെ സ്പെഷ്യൽ ഫണ്ടിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 420504 |
| വരവ് | 500000 |
| ആകെ | 920504 |
| ചെലവ് | 690275 |
| നീക്കിയിരിപ്പ് | 230229 |

തൻവർഷം ആകെ 500000/-രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നതെങ്കിലും മുന്നിരിപ്പിൽ

നിന്നും ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി ഇല്ലാതെ 190275 രൂപ കൂടി ചെലവഴിച്ചിട്ടുമുണ്ട്. ആയതിന് പിന്നീട് സാധൂകരണം വാങ്ങിയിട്ടുമില്ല.ആയത് ക്രമപ്രകാരമല്ല.ചെലവാക്കാതെ അവശേഷിക്കുന്ന 230229/- രൂപാ ശബരിമലയിലെ തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി സഹിതം വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## (3-10) ആശ്രയ പദ്ധതിയോട് ഗ്രാമപ്പഞ്ചായത്തിന്റെ അവഗണന

ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിൽ സി.ഡി.എസ് നടത്തുന്ന ശ്രമങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തധികൃതരുടെ പിന്തുണ ലഭിക്കുന്നില്ല. പദ്ധതിയുടെ അതാത് സമയത്തെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായി.

ഒന്നാംഘട്ട പദ്ധതിയുടെ പുതുക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 2010-11 മുതൽ 2012-13 വരെ കാലയളവിലായി 58 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കിയിരുന്നു. 2014-15 ൽ കിണർ നിർമ്മാണത്തിന് 10000 രൂപയും വയറിംഗിന് 2000 രൂപയും ചെലവഴിച്ചതൊഴിച്ചാൽ, 2012-13 ന് ശേഷം നാളിതുവരെയും ഭക്ഷണ വിതരണം മാത്രമാണ് ഒന്നാം ഘട്ട പദ്ധതിയുടെ തുടർച്ചയായി നടപ്പാക്കാൻ കഴിഞ്ഞത്. ചലഞ്ച് ഫണ്ടിനത്തിൽ 63241 രൂപ, പഞ്ചായത്ത് വിഹിതം ഇനത്തിൽ 760500 രൂപ, പലിശ ഇനത്തിൽ 842092 രൂപ എന്നിങ്ങനെ 1665833 രൂപയാണ് (31-3-2016 വരെ) ഒന്നാം ഘട്ട പദ്ധതിക്കായുള്ള ഫണ്ടിനത്തിൽ നിഷ്ക്രിയമായിക്കിടക്കുന്നത്.

ഒന്നാം ഘട്ട തുടർപദ്ധതിക്ക് 2010-11 ലെ പുനർസന്ദർശനത്തിലൂടെ തയ്യാറാക്കി അംഗീകാരം വാങ്ങിയ ആക്ഷൻ പ്ലാൻ അപാകതകൾ നിറഞ്ഞതും അപൂർണ്ണവും ആയിരുന്നു എന്നതാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. ഗുണഭോക്താക്കളുടെ അർഹതയും ആനുകൂല്യങ്ങളും ഭവനസന്ദർശനത്തിലൂടെ കൃത്യമായി പുനർ നിശ്ചയിക്കുന്നതിനും പുതുതായി ഒന്നാംഘട്ട തുടർസേവന പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും ശ്രമം ഉണ്ടാകാഞ്ഞത് പദ്ധതിക്കായുള്ള വിലയിരുത്തൽ സമിതിയുടെയും നിർവ്വഹണ ഉദ്യോസ്ഥന്റെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ച ആയി വിലയിരുത്തുന്നു. ഒന്നാം ഘട്ട തുടർപദ്ധതിക്ക് 2012-13 ന് ശേഷം നാളിതുവരെയും ഒരു രൂപ പോലും ഗ്രാമപ്പഞ്ചായത്ത് നൽകാതിരുന്നതും ഇക്കാര്യത്തിലുള്ള ഭരണസമിതിയുടെ സമീപനത്തെ സൂചിപ്പിക്കുന്നു.

64 ഗുണഭോക്താക്കൾക്കായി 5709709 രൂപ അടങ്കൽ വകയിരുത്തി 2013-14 ൽ 3 വർഷത്തേക്കായി രണ്ടാം ഘട്ട പദ്ധതി ആരംഭിച്ചു. ഫണ്ട് വകയിരുത്തിയതിന്റെയും നാളിതുവരെ ലഭിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ലഭിച്ച തുക |
|---|---|---|
| പഞ്ചായത്ത് വിഹിതം | 4145000 | 500000 (ഇതിൽ 300000 രൂപ 5/2016 ൽ ലഭിച്ചു) |
| ശുചിത്വ മിഷൻ വിഹിതം | 170000 | ഇല്ല |
| ചലഞ്ച് ഫണ്ട് | 1394709 | 929806 |
| ആകെ | 5709709 | 1429806 |

രണ്ടാംഘട്ട പദ്ധതിയുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | ഇനം | വകയിരുത്തിയത് | ചെലവ് |
|---|---|---|---|
| 1 | ഭക്ഷണം | 720000 | 424173 |
| 2 | ചികിത്സ | 572400 | 15279 |
| 3 | വിദ്യാഭ്യാസം | 58500 | 19500 |
| 4 | വസ്തു വാങ്ങൽ | 200000 | ഇല്ല |
| 5 | ഭവന നിർമ്മാണം | 3000000 | 200000 (1 No) |
| 6 | ഭവന പുനരുദ്ധാരണം | 475000 | 100000 (4No) |
| 7 | സ്വയംതൊഴിൽ | 100000 | ഇല്ല |
| 8 | കിണർ നിർമ്മാണം | 360000 | ഇല്ല |
| 9 | കിണർ പുനരുദ്ധാരണം | 10000 | ഇല്ല |
| 10 | കക്കൂസ് | 170000 | ഇല്ല |
| 11 | പദ്ധതി നിർവ്വഹണം | 30000 | ഇല്ല |
| 12 | മറ്റിനം | 13809 | ഇല്ല |
| | ആകെ | 5709709 | 758952 |

ഭവന സന്ദർശനത്തിലൂടെ ഗുണഭോക്താക്കളെയും ആനുകൂല്യങ്ങളും പുനർനിശ്ചയിച്ച് ഒന്നാംഘട്ട തുടർസേവന പദ്ധതി എത്രയും പെട്ടെന്ന് അംഗീകാരം വാങ്ങുന്നതിനും ആയത് നടപ്പാക്കുന്നതിനും ഭരണസമിതിയുടെയും പദ്ധതിയ്ക്കായുള്ള വിലയിരുത്തൽസമിതിയുടെയും ഭാഗത്ത് നിന്നും സത്വര നടപടിയുണ്ടാകേണ്ടതാണ്. കൂടാതെ, രണ്ടാം ഘട്ട പദ്ധതിയുടെ കാലയളവ് അവസാനിച്ച എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട്, ആയതിന് മതിയായ പഞ്ചായത്ത് വിഹിതം നൽകി അഗതികളുടെ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയ മറ്റ് ഇനങ്ങൾ പൂർണ്ണതോതിൽ നടപ്പാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### (4-1 ) സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## (4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ മുൻകൂർ തുകയുടെ വിവരങ്ങൾ

ഇല്ല

## (4-3 ) മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## (4-4) വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി ലോൺ തിരിച്ചടവ് | ജി ഒ(പി) നം 637/2010/എൽ എസ് ജി ഡി, തീയതി-25/02/2016 | 15240000/- | 1764893 | 1524000/- (31/03 /2016) | 289053/- (21/04 /2015) | 240893/- |

## (4-5) സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## (4-6 ) ഓഡിറ്റ് റിക്കവറി

| വ്യക്തിയുടെ പേര് | വർഷം | തുക | |
|---|---|---|---|
| റ്റി എം ഉണ്ണി | 1996-97<br>1997-98 | 1198/- | മറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല. |

## (4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ടതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2011-12 | 3-1 | കാർഷിക പദ്ധതികളും കൃഷിഭവനും | പരാമർശം നിലനിൽക്കുന്നു |

## (4-8) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(Receipt &Payment Statement പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ) | 56406695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49989475 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 208347 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 109000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 193347 | 96673.5-ശ്രീമതി ഉഷ സി കെ,അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 96673.5-ശ്രീമതി ലത എം എസ്,അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | 15000 | ശ്രീ ബിനുകുമാർ,വി ഇ ഒ |
| ആകെ | 208347 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 109000 | ശ്രീ സ്റ്റീഫൻ എം,അസിസ്റ്റന്റ് സെക്രട്ടറി(അഡീഷണൽ ചാർജ്) |
| ആകെ | 109000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ ബിനുകുമാർ,<br>വി ഇ ഒ | വി ഇ ഒ,നാറാണംമൂഴി പഞ്ചായത്ത് | ശ്രീകലാ മന്ദിരം,<br>നെല്ലില പി ഒ<br>ആലപ്പുഴ |
| ശ്രീമതി ഉഷ.സി കെ<br>അസിസ്റ്റന്റ് എഞ്ചനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | മൈലംമൂട്ടിൽ<br>ഇലവുംതിട്ട പി ഒ<br>പത്തനംതിട്ട |
| ശ്രീമതി ലത.എം.എസ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ച്നീയർ | മാരേറ്റ് തെക്കേവീട്ടിൽ, പുതുശ്ശേരി പി.ഒ., തിരുവല്ല. പിൻ – 689602 |

## **(4-9 )** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147 /06/30.6.06/5.3.07 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ- ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/318 /04/15.10.04/13.1.05 | |
| 2002-03 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.8/136 /12/3.3.12/29.11.12 | |
| 2002-03 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/208 /07/14.3.07/20.4.07 | |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/773 /08/6.10.09/12.5.10 | |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/774 /08/6.10.09/12.5.10 | |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.81103/11 /5.1.12/18.1.12 | |
| 2006-07 | നംഎൽ.എഫ്.പി.റ്റി.എ.പി.81104/11 /5.1.12/18.1.12 | |

| | | |
|---|---|---|
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-105/11 /2.1.12/16.5.12 | |
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-106/11 /2.1.12/16.5.12 | |
| 2009-10 to 2011-12 | നം.എൽ.എഫ്.പി.റ്റി.എ.പി.6-66/13 /12.2.14/18.3.14 | |
| 2012-13 | നം.എൽ.എഫ്.പി.റ്റി.എ. പി.6-158/15/13.3.15 | |
| 2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016/16.01.2016 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി /1280/2016 തീയതി 05-12-2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA P /1280/2016 Dated05-12-2016

CERTIFICATE

Certified that I have examined the Annual Financial Statement of Naranammoozhy Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Naranammoozhy Grama Panchayat for the year 2015-16 except the

obeservations in the report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta